മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

സർവകലാശാലയിലെ ഇന്റർ സ്കൂൾ സെന്ററുകളിലും, ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളിലും, സ്റ്റാറ്റ്യൂട്ടറി ഡിപ്പാർട്ടുമെന്റുകളിലും നടക്കുന്ന ഗവേഷണ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്ത് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 17.07.2019-ലെ സിൻഡിക്കേറ്റ് യോഗത്തിന്റെ തീരുമാനം ഉത്തരവായി പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണവും വികസനവും-II സെക്ഷൻ**

യു.ഒ.നം. 3283/പിഢഡി2/1/2019/ഭരണവിഭാഗം പി.ഡി.ഹിൽസ്, തീയതി, 08.11.2019

---

പരാമർശം:- 1. 15.10.2016-ലെ എ.ജി.യുടെ ആഡിറ്റ് എൻക്വയറി നം. 217

2. യു.ഒ.നം.2924/ പിഢഡി-2/2/2017/ഭരണ വിഭാഗം, തീയതി 17.05.2017

3. 17.07.2019-ലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം. 205/19.06/190507.

**ഉത്തരവ്**

പരാമർശം (1) പ്രകാരം, മഹാത്മാഗാന്ധി സർവകലാശാലയിലെ വിവിധ സെന്ററുകളിലും, ഡിപ്പാർട്ടുമെന്റുകളിലും നടക്കുന്ന ഗവേഷണ പദ്ധതികളുടെ പുരോഗതിയും ഗവേഷണഫലങ്ങളും അവലോകനം ചെയ്യുന്നതിനും വിവിധ ഏജൻസികൾ അനുവദിക്കുന്ന പ്രോജക്ട് ഫണ്ട് ഉപയോഗിച്ച് വാങ്ങുന്ന ഉപകരണങ്ങൾ സർവകലാശാലയുടെ ആസ്തിയായി ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നു പരിശോധിക്കുന്നതിനും, നിലവിൽ സർവകലാശാലയിൽ ഫലപ്രദമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ലെന്ന് അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് ടീം ചൂണ്ടിക്കാട്ടുകയുണ്ടായി. എ.ജി.യുടെ പ്രസ്തുത പരാമർശത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച പരാമർശം (2)-ലെ ഉത്തരവ് പ്രകാരം മഹാത്മാഗാന്ധി സർവകലാശാലയിലെ ഇന്റർ സ്കൂൾ സെന്ററുകളിലും, ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളിലും, സ്റ്റാറ്റ്യൂട്ടറി ഡിപ്പാർട്ടുമെന്റുകളിലും നടക്കുന്ന ഗവേഷണ പദ്ധതികളുടെ പുരോഗതി വാർഷികാവലോകനം ചെയ്യുന്നതിന്, സിൻഡിക്കേറ്റിന്റെ റിസർച്ച് ആൻഡ് ഡവലപ്മെന്റ് ഉപസമിതിയെ ചുമതലപ്പെടുത്തുകയുണ്ടായി.

സിൻഡിക്കേറ്റിന്റെ ഉപസമിതി 08.07.2019-ൽ യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിന്റെ നടപടി ക്രമം 17.07.2019-ൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരിഗണിയ്ക്കുകയും, തുടർന്ന് പരാമർശം (3) പ്രകാരം മഹാത്മാഗാന്ധി സർവകലാശാലയിലെ ഇന്റർ സ്കൂൾ സെന്ററുകളിലും, ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളിലും, സ്റ്റാറ്റ്യൂട്ടറി ഡിപ്പാർട്ടുമെന്റുകളിലും നടക്കുന്ന ഗവേഷണ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്ത് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ബഹു.വൈസ് ചാൻസലറെ ചുമതലപ്പെടുത്തുവാൻ സർവകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ദിലീപ്കുമാർ ആർ
ഡെപ്യൂട്ടി രജിസ്ട്രാർ (പി & ഡി)
രജിസ്ട്രാർക്കു വേണ്ടി

(മറുപുറം)

പകർപ്പ്:

1. സിൻഡിക്കേറ്റിന്റെ റിസർച്ച് ആൻഡ് ഡവലപ്മെന്റ് സ്റ്റാൻഡിങ്ങ് കമ്മിറ്റി അംഗങ്ങൾ
2. വി.സി./പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റുമാർ
4. ഡോ. രാജേഷ് ഇ, അസിസ്റ്റന്റ് പ്രൊഫസർ, SBS
5. ഫിനാൻസ് I/ഫിനാൻസ് IV /ആഡിറ്റ് I, ആഡിറ്റ് V
6. എ.ഡി.ഡി. സെക്ഷൻ
7. ജനറൽ ക്യാഷ്/ കെ.എസ്.എ.ഡി
8. സി.എം.എസ്/ഐ.ക്യു.എ.സി/സ്റ്റാറ്റിസ്റ്റിക്സ് യൂണിറ്റ്
9. റെക്കോർഡ്സ് സെക്ഷൻ/ സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. പിഡിഡി -2/2/2016/ഭരണ വിഭാഗം (XV/463)

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം